WEDNESDAY 09-02-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-09/02/2022

1. കാർഷിക യന്ത്രങ്ങൾ കൈവശമുള്ള എല്ലാ കാർഷിക യന്ത്ര ഉടമകളും, മറ്റ് ഇതര ഏജൻസികളും അവരവരുടെ പരിധിയിലുള്ള കൃഷിഭവനുകളിൽ 2022 **ഫെബ്രുവരി 28** ന് മുമ്പായി യന്ത്രങ്ങളുടെ വിവരങ്ങൾ നിശ്ചിത രജിസ്ട്രേഷൻ ഫോറത്തിൽ രേഖപ്പെടുത്തി നൽകേണ്ടതാണെന്ന് തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടർ അറിയിച്ചു. മാതൃക ഫോം കൃഷിഭവനുകളിൽ ലഭ്യമാണ്.

2. എറണാകുളം ജില്ലയിലെ വിവിധ ബ്ലോക്കുകളിൽ മൃഗസംരക്ഷണവകുപ്പ് നടപ്പാക്കുന്ന **കർഷകരുടെ വീട്ടുപടിക്കൽ രാത്രികാല എമർജൻസി സർവ്വീസ്** പ്രകാരം സേവനം ലഭിയ്ക്കുന്നതിന് ബന്ധപ്പെടേണ്ട വെറ്ററിനറി ഡോക്ടർമാരുടെ വിവരങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | പേര് | ബ്ലോക്ക് | ഫോൺ |
|---|---|---|---|
| 1 | ഡോ. അൽ.യസഹ് ഉസ്മാൻ | മൂവാറ്റുപുഴ | 9048013439 |
| 2 | ഡോ. നിഖിൽ ജോളി | അങ്കമാലി | 9048719990 |
| 3 | ഡോ. ശ്രീദേവ് രാജേന്ദ്രൻ | വൈപ്പിൻ | 7025750604 |
| 4 | ഡോ. ഹരിപ്രിയ മോഹൻ | കൊച്ചി | 7356152534 |
| 5 | ഡോ. ചന്ദ്രകാന്ത്. യു | ആലങ്ങാട് | 7014484813 |
| 6 | ഡോ. സെബാസ്റ്റ്യൻ | വാഴക്കുളം | 7907652114 |
| 7 | ഡോ. അഞ്ജലക്ഷ്മി.ഡി.നാഥ് | കൂവപ്പടി | 9497341958 |
| 8 | ഡോ. ശ്രീജിത്ത് ഉത്തമൻ | പറവൂർ | 9496800705 |
| 9 | ഡോ. അഖിൽ എ.റ്റി | എടപ്പിള്ളി | 7736621407 |
| 10 | ഡോ. ഷറഫുദ്ദീൻ കെ.എ | കോതമംഗലം | 9496130451 |
| 11 | ഡോ. മുഫീദബീഗം എം.സി | മുളന്തുരുത്തി | 9497387195 |
| 12 | ഡോ. അദീന സേവ്യർ | പാറക്കടവ് | 9400741214 |
| 13 | ഡോ. ആഷിഖ് ഹമീദ് എം.എച്ച് | വടവ്കോട് | 8281664253 |

3. റബ്ബർതടിയുടെ വിപണനസാധ്യതകൾ സംബന്ധിച്ച ചോദ്യങ്ങൾക്ക് നാളെ (ഫെബ്രുവരി 9) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ മെക്കാനിക്കൽ എഞ്ചിനീയർ മറുപടി പറയും. **0481 – 2576622** എന്നതാണ് കോൾസെന്റർ നമ്പർ.

4. തെക്കൻ കേരളത്തിലെ നല്ലയിനം നാടൻ മാവുകളെക്കുറിച്ചുള്ള വിവരം, അവ നിൽക്കുന്ന പ്രദേശം/മേൽവിലാസം/ബന്ധപ്പെടേണ്ട ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ **9496366698, 9946867991** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് അറിയിക്കുകയോ വാട്ട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യണമെന്ന് വെള്ളായണി കാർഷിക കോളേജ് ഫ്രൂട്ട്സ് സയൻസ് വിഭാഗം മേധാവി അറിയിക്കുന്നു.

5. ഐ.സി.എ.ആറിന്റെ കീഴിലുള്ള ദേശീയവിജ്ഞാന വ്യാപന ഇൻസ്റ്റിറ്റ്യൂട്ടിന്റെ കന്യാകുമാരി ആസ്ഥാനമായ മാനേജിന്റെ (MANAGE) നോഡൽ ഏജൻസിയായ സ്റ്റെല്ലാമേരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് 45 ദിവസത്തെ AC&ABC കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. പ്ലസ് ടു, വി.എച്ച്.എസ്.സി യാണ് അടിസ്ഥാന യോഗ്യത. സയൻസ് ഗ്രൂപ്പുകാർ, അഗ്രിക്കൾച്ചർ, ബയോളജി, ഡിഗ്രി, ഡിപ്ലോമയുള്ളവർക്ക് മുൻഗണന. അപേക്ഷാ തീയതി ഒന്നാം ബാച്ച് ഫെബ്രുവരി 22, രണ്ടാം ബാച്ച് ഏപ്രിൽ 15. കൂടുതൽ വിവരങ്ങൾക്ക് **9387212005, 944397588** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക. അപേക്ഷ അയയ്ക്കേണ്ട വിലാസം സ്റ്റെല്ലാമേരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്പ്മെന്റ് സ്റ്റഡീസ്, കോട്ടക്കാരൈ റോഡ്, കന്യാകുമാരി-629702.

**പരിശീലന പരിപാടികൾ**

6. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ ഈ മാസം 11 ന് (ഫെബ്രുവരി 11) രാവിലെ 11 മണി മുതൽ **പാലും പാലുൽപ്പന്നങ്ങളും ഭക്ഷ്യസുരക്ഷാനിയമത്തിൽ – ഉത്പാദകരും ഉപഭോക്താക്കളും അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ 11 ന് (ഫെബ്രുവരി 11-ന്) രാവിലെ 10 മണി വരെ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9947775978** എന്ന വാട്ട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. xqw-jqat-weh എന്ന ലിങ്ക് വഴി പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

7. കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിൽ ഇന്നും നാളെയുമായി (ഫെബ്രുവരി 9,10) **മുട്ടക്കോഴി വളർത്തലിൽ** സൗജന്യ ഓൺലൈൻ പരിശീലനം നടത്തുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

താൽപ്പര്യമുള്ളവർ **"മുട്ടക്കോഴി"** എന്ന് മാത്രം എഴുതി വാട്ട്സാപ്പ് സന്ദേശം **6282609040** എന്ന നമ്പരിലേക്ക് ഇന്ന് രാവിലെ 8 മണിക്കകം അയയ്ക്കുക. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ **10-ന് ഇറച്ചിക്കോഴി വളർത്തൽ** എന്നീ വിഷയത്തിൽ **ഓൺലൈൻ** പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ളവർ **04829-234323** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522706** എന്ന വാട്ട്സാപ്പ് നമ്പരിൽ പേരും പരിശീലനത്തിന്റെ വിഷയവും സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

9. പുളിങ്കുന്ന്, കാവാലം, വെളിയനാട്, നീലംപേരൂർ കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന 45 ദിവസത്തിന് മുകളിൽ പ്രായമായ ചില പാടശേഖരങ്ങളിൽ മൂഞ്ഞയുടെ സാന്നിദ്ധ്യം കണ്ടുതുടങ്ങിയിട്ടുണ്ട്. കർഷകർ കൃഷിയിടങ്ങൾ പരിശോധിക്കുകയും കീടസാന്നിദ്ധ്യം കാണുന്ന പക്ഷം മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രവുമായി അടിയന്തിരമായി ബന്ധപ്പെടുകയും വേണം. കീടത്തിന്റെ സാന്നിദ്ധ്യം കാണുന്ന ഉടനെ കീടനാശിനി പ്രയോഗത്തിന് മുതിരുന്നത് പിന്നീട് കീടബാധ രൂക്ഷമാവുന്നതിനും കൂടുതൽ ഇടങ്ങളിലേയ്ക്ക് വ്യാപിക്കുന്നതിനും ഇടയാകും. അമിത കീടനാശിനി പ്രയോഗം മൂലം മിത്രപ്രാണികൾ വ്യാപകമായി നശിപ്പിക്കപ്പെടുമ്പോഴാണ് മൂഞ്ഞബാധ നിയന്ത്രണാതീതമാകുന്നത്. ആയതിനാൽ സാങ്കേതിക നിർദ്ദേശപ്രകാരമല്ലാതെ കർഷകർ കീടനാശിനി പ്രയോഗം നടത്താൻ പാടില്ല. നിലവിൽ ആശങ്കപ്പെടേണ്ട യാതൊരു സാഹചര്യവും ഇല്ല എന്ന് മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രം പ്രോജക്ട് ഡയറക്ടർ അറിയിച്ചു.

**മനുരത്ന** ഇനം കൃഷി ചെയ്യുന്ന ചില പാടങ്ങളിൽ ബ്ലാസ്റ്റ് രോഗലക്ഷണങ്ങൾ കാണുന്നുണ്ട്. ബ്ലാസ്റ്റ് രോഗത്തിന്റെ (നെല്ലിന്റെ ഓലയിലും മറ്റും കണ്ണിന്റെ ആകൃതിയിലുള്ള പുള്ളികൾ) ലക്ഷണങ്ങൾ കാണുന്ന പക്ഷം കർഷകർ അടിയന്തിരമായി കീടനിരീക്ഷണ കേന്ദ്രവുമായി ബന്ധപ്പെടണമെന്നും മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രം പ്രോജക്ട് ഡയറക്ടർ അറിയിച്ചു.